## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3662 — 24. 06. 2014 ൽ മറുപടിക്ക്

### കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ.ടി .ജലീൽ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഇലക്ട്രി സിറ്റി സപ്ലൈ കോഡ് , 2014 പ്രകാരം വൈദ്യുതി കണക്ഷനു വേണ്ടി എന്തെല്ലാം രേഖകളാണ് ഉപഭോക്താക്കൾ ഹാജരാക്കേണ്ടത് എന്ന വ്യക്തമാക്കുമോ ; | (എ) | .താഴെ പറയുന്ന രേഖകളാണ് ഉപഭോക്താക്കൾ പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്.<br>(i) അപേക്ഷകന്റെ തിരിച്ചറിയൽ രേഖ<br>(ii) അപേക്ഷകന്റെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ രേഖ / നിയമാനുസൃതമുള്ള കൈവശാവകാശ രേഖ<br>(iii) അപേക്ഷകൻ ഉടമസ്ഥനല്ലെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം<br>(iv) ഇപ്പോഴുള്ള മേൽവിലാസം തെളിയിക്കുന്ന രേഖ<br>(v) കെട്ടിടത്തിലെ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷന്റെ ടെസ്റ്റ് & കംപ്ലീഷൻ സർട്ടിഫിക്കറ്റ് (അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടറുടേത്)<br>(vi) മുദ്രപത്രത്തിലുള്ള കരാർ ഉടമ്പടി |
| (ബി) | സപ്ലൈ കോഡിൽ പറഞ്ഞ പ്രകാരമുള്ള അപേക്ഷാ ഫോറം കെ.എസ്.ഇ.ബി വിതരണം ചെയ്തിട്ടുണ്ടോ ; | (ബി) & (സി) | . റഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്നു പ്രകാരം പുതിയ അപേക്ഷാ ഫാറങ്ങൾ രൂപീകരിക്കുന്നതിനായി ബോർഡ് Distribution Advisory Committee-യെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റി നക്കൽ ഫാറങ്ങൾ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഇവ റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് |
| (സി) | ഇല്ലെങ്കിൽ എന്ന് വിതരണം ചെയ്യാനാകുമെന്നാണ് | | |

| | |
|---|---|
| കരുതുന്നത് ? | സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റഗുലേറ്ററി കമ്മീഷന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് forms പ്രിന്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. അംഗീകാരം ലഭിക്കുന്നത് വരെ പഴയ അപേക്ഷാ ഫാറം ഉപയോഗിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ